പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർ മാരുടെയും ക്ഷേമനിധി ബിൽ

524/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ്

വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണിതഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായ പൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹ മോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശത അനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന അച്ഛൻ, അമ്മ എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ കേരള ആധാരമെഴു ത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) "അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തു കാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി യിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തു കാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) "രജിസ്റ്ററിംഗ് അധികാരസ്ഥാനം" എന്നാൽ ബന്ധപ്പെട്ട ജില്ല

യിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) "പകർപ്പെഴുത്തുകാരൻ" എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്നതിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതുന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) "സെക്രട്ടറി" എന്നാൽ ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) "സ്റ്റാമ്പ്" എന്നാൽ 24-ാം വകുപ്പുപ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യു) "സ്റ്റാമ്പ് വെണ്ടർ" എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജിച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.

3. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനംമൂലം, "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചശേഷം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത് :—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5–ാം വകുപ്പുപ്രകാരം വസൂലാക്കിയ അപേക്ഷാഫീസ് ;

(സി) 15–ാം വകുപ്പുപ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24–ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും ;

(ഇ) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന ;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം ;

(ജി) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ട് ശതമാനം ;

(ഐ) 30–ാം വകുപ്പുപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) തൊഴിൽ അവസാനിക്കുമ്പോൾ ഒരംഗത്തിന് അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിതതുകയും പെൻഷനും, നിധിയിൽ നിന്നും നൽകുന്നതിന് :

വിശദീകരണം 1:—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2:—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തുകാരനോ

പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ആളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചു നൽകുന്നതിന് ;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന് ;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് ;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്ന പക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള

ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഒരു അംഗമായിത്തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനംവഴി, (1)-ാം ഉപവകുപ്പിൽ പരമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ പരിഷ്ക്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. നിധിയിലെ അംഗത്വം.—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ, കൈവശമുള്ളതും അപേക്ഷാതീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ചശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്ന

പക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം അതിന്റെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. <u>അംഗത്വം റദ്ദാക്കൽ.</u>—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു:

എന്നാൽ അംഗത്വം റദ്ദാക്കികൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറു മാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ചവരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരു അംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതുസംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിലെ അംഗത്വം റദ്ദാക്കൽ തീയതി രജിസ്റ്ററിംഗ് അധികാരസ്ഥാനം നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കുന്നതാണ്.

7. അംഗത്വം പുനഃരുജ്ജീവിപ്പിക്കൽ.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതിമുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനഃരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

8. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതിമുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്നപ്രകാരം, സർക്കാർ

നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ്—അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

10. <u>ബോർഡിന്റെ യോഗം</u>.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള കോറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളുമുൾപ്പെടെ ബോർഡിലെ ആറംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ,

ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

11. ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

12. അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കംചെയ്യലും.—

(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ബോർഡിലെ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം ; ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനു മുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും

നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതിമുതൽ മൂന്നു വർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

14. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, കാലാകാലങ്ങളിൽ, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള

അധികാരം.—(1) സർക്കാരിന്, ഏത് സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളേയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ് രജിസ്ട്രാർ ആഫീസുകളിൽ, അതതു സംഗതിപോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്ക് പുറമേ പതിക്കേണ്ടതാണ് :

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ.— (1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം അംശദായമായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽ നിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ തിരിച്ച്

നൽകേണ്ടതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കേണ്ടതാണ്.

26. സർക്കാരിന്റെ അംശദായം.—(1) ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്ത് ശതമാനം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പള ത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽ നിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തയു ടെയും ഹെഡ്ഡിൽ നിന്നും വഹിക്കേണ്ടതായ ചെലവ് സെക്രട്ടറി കണക്കാക്കേ ണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായ ത്തിന്റെ പത്ത് ശതമാനത്തിൽ കൂടുതലാണെന്ന് കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്ത് ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽ നിന്നും പിൻവലിക്കേണ്ടതും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകു ന്നതല്ലെന്ന് .—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാ രിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാലപ്രാബല്യ ത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

30. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽനിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവ് വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള ആധാരമെഴുത്തുകാ

രുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (2) വകുപ്പ് കാണുക]

**പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ**

1. ബോർഡ് നിധിയുടെ ഭരണം നടത്തേണ്ട രീതി

2. അംഗങ്ങളുടെ രജിസ്ട്രേഷൻ

3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.

4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ വസൂലാക്കേണ്ട രീതി.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. സെക്രട്ടറിയുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും, ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ, മുതൽ കൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, മുതൽക്കൂട്ടലിന്റേയോ പരമാവധി തുകയും.

9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയും പറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

10. ഒരംഗത്തിന്റെ മരണത്തെ തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും

രേഖകളും.

12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവുവയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ, അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. സേവനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ അവസാനിപ്പിക്കുന്ന അംഗങ്ങൾക്ക് നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ചവരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കായും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2012 ജനുവരി 30-ാം തീയതി കേരള

ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 13-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 31-ാം തീയതിയിലെ 221-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല. അതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 29-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 731-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2012-ലെ 29-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ മാസ വരിസംഖ്യ ഇനത്തിൽ 100 രൂപ വീതം ഏഴായിരം അംഗങ്ങളിൽ നിന്ന് 84 ലക്ഷം രൂപ ഒരു വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബില്ലിലെ 26-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ 10 ശതമാനമോ, ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ജീവനക്കാരുടെ യാത്രാബത്ത ഒഴികെ ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകളോ ഇതിൽ ഏതാണോ കുറവ് അത് സർക്കാർ അംശദായമായതിനാൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം ആവർത്തക ചെലവായി ഏകദേശം 8.4 ലക്ഷം രൂപ നൽകേണ്ടിവരും.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഗസറ്റ് വിജ്ഞാപനംവഴി ആവിഷ്ക്കരിക്കുവാനും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ

അംശദായ നിരക്ക് ഗസറ്റ് വിജ്ഞാപനംവഴി പരിഷ്ക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. നിധിയിൽ അംഗമായി പ്രവേശിക്കുന്നതിനുള്ള ഫാറവും അപേക്ഷിക്കേണ്ട രീതിയും നിർണ്ണയിക്കുന്നതിനും അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് അപ്പീൽ നൽകുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ യഥാക്രമം ബില്ലിലെ 5-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, (2)-ാം ഉപഖണ്ഡത്തിലെ രണ്ടാമത്തെ ക്ലിപ്തനിബന്ധന എന്നിവ കൊണ്ടുദ്ദേശിക്കുന്നു. അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട അപേക്ഷാഫീസ് നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. അംഗത്വം റദ്ദാക്കുന്നത് സംബന്ധിച്ച് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരായുള്ള അപ്പീൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 6-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ആക്റ്റ് പ്രകാരം ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഗസറ്റ് വിജ്ഞാപനംവഴി ഭേദഗതി വരുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 8-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന തീയതിമുതൽ കേരള ആധാര മെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസിന്റെയും യാത്രാബത്തയുടെയും ദിനബത്തയുടെയും നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 13-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ബോർഡിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ്

ആഡിറ്റർമാരെ നിയമിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 20-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ട അമ്പത് രൂപ മൂല്യമുള്ളതും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പിന്റെ രൂപവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 24-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. അച്ചടിച്ച സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ച രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 28-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 29-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൻ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള തീയതി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 30-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ പദ്ധതിയോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും

പദ്ധതിയും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അനൂപ് ജേക്കബ്ബ്.

**ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ**

ഖണ്ഡം 2.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 3.—കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുവാനും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 4.—നിധിയിലേക്കുള്ള അംഗങ്ങളുടെ അംശദായം പ്രതിമാസം നൂറ് രൂപയായി നിശ്ചയിച്ചുകൊണ്ടും പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ അംശദായ നിരക്ക് ഗസറ്റ് വിജ്ഞാപനംവഴി പരിഷ്ക്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 5.—1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾപ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ, കൈവശമുള്ളതും അപേക്ഷാതീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും ചില നിബന്ധനകളോടെ നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 6.—ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 7.—ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ചവരുത്തുന്നതുമൂലം അംഗത്വം അവസാനിക്കപ്പെട്ട ഒരംഗത്തിന്, അപ്രകാരം

അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതിമുതൽ ആറുമാസത്തിനകം, പന്ത്രണ്ടു ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ച് അംഗത്വം പുനരുജ്ജീവിപ്പിക്കപ്പെടുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 8.—സർക്കാരിന്, പദ്ധതിയിൽ മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ഭേദഗതിവരുത്താമെന്ന വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 9.—നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്ന തിനുംവേണ്ടി ഗസറ്റ് വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കു ന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 10.—ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി യോഗം ചേരേണ്ടതുസംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 11.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നിശ്ചയിക്കൽ, അവരുടെ രാജി, ഔദ്യോഗിക അംഗങ്ങളെ നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 12.—ഏതൊരു അനൗദ്യോഗിക അംഗത്തെയും അയോഗ്യനെന്നു കണ്ടാൽ സർക്കാരിന് നീക്കം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊ ണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 13.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസിന്റെയും യാത്രാബത്തയുടെയും ദിനബത്തയുടെയും നിരക്ക് നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 14.—ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമി ക്കുന്ന രീതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 15.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ

ഖണ്ഡം.

ഖണ്ഡം 16.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 17.—ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 18.—സർക്കാരിന്, കാലാകാലങ്ങളിൽ ബോർഡിന് നിർദ്ദേശങ്ങൾ നൽകാമെന്നും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 19.—സർക്കാരിന്, ഏത് സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 20.—നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് ആഡിറ്റർമാരെ നിയമിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 21.—നിധിയുടെ വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിക്കണമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 22.—ആക്റ്റോ പദ്ധതിയോപ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 23.—ആക്റ്റിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതെ അധികാരങ്ങൾ ഏതൊക്കെ സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള

താണ് ഈ ഖണ്ഡം.

ഖണ്ഡം 24.—ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ട, അൻപത് രൂപ മൂല്യമുള്ളതും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്ന് മുദ്രണം ചെയ്തിട്ടുള്ളതു മായ സ്റ്റാമ്പിന്റെ രൂപവും രീതിയും നിർണ്ണയിക്കുന്നതിനും അച്ചടിച്ച സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ചും സ്റ്റാമ്പ് പതിക്കേണ്ട ആധാരം ഏതൊക്കെ യെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 25.—വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനി ക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ളപ്രകാരം അംശദായമായി ഒടുക്കിയ തുക തിരിച്ചുനൽകാൻ അപേക്ഷിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 26.—നിധിയിലേക്ക് സർക്കാരിന്റെ അംശദായം നൽകുന്നതു വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 27.—ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ ന്യൂനതമൂലം അസാധുവാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 28.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതി ലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 29.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 30.—1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തു കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ആക്റ്റിൻകീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ കൈമാറ്റം ചെയ്യപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 31.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്